# വാർഷിക മൂല്യനിർണയം 2016–17

## കല, പ്രവൃത്തി, ആരോഗ്യകായിക വിദ്യാഭ്യാസം

ക്ലാസ്സ് : 5

സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. കലാപഠനം, പ്രവൃത്തിപഠനം, ആരോഗ്യകായികവിദ്യാഭ്യാസം എന്നിവയിൽ നൽകിയിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്.
3. മൂന്നു വിഭാഗങ്ങളിലായി ചോദ്യങ്ങൾ നൽകിയിരിക്കുന്നു. അവയ്ക്ക് വ്യത്യസ്തമായ മൂന്ന് പേപ്പറുകളിലായി ഉത്തരമെഴുതണം. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്നമ്പർ, ക്ലാസ്സ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തണം.
4. മൂന്ന് വിഭാഗങ്ങൾക്കായി ആകെ 2 മണിക്കൂർ സമയം അനുവദിക്കും. ഓരോ വിഷയത്തിനും 40 മിനുട്ട് വീതം സമയമാണ് ലഭിക്കുന്നത്.

### വിഭാഗം 1 – കലാപഠനം

*ചോദ്യം 1*

ശരിയായവ എടുത്തെഴുതുക

1. താഴെ പറയുന്നവയിൽ ശാസ്ത്രീയ നൃത്തരൂപം ഏത് ?
(ഒപ്പന, ഭരതനാട്യം , കുമ്മാട്ടിക്കളി)
2. നൃത്തരൂപത്തിൽ വിരൽ ഭാഷയുടെ പേര് ?
( ഭാവം , അഭിനയം , മുദ്ര )
3. ക്ഷേത്രകലയിൽ ഉൾപ്പെടാത്തത് ഏത് ?
(തെയ്യം , നാടകം , തിറ)
4. നാട്യശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആര് ?
(ഭരതമുനി , വ്യാസമഹർഷി , കണ്വമഹർഷി)
5. താഴെപ്പറയുന്നവയിൽ ശരിയായത് ഏത് ?
ചുവപ്പ് + നീല = (പച്ച, കറുപ്പ്, വെള്ള, വയലറ്റ്)
6. കമ്പ്യൂട്ടറിൽ ചിത്രം വരയ്ക്കാനുപയോഗിക്കുന്ന സോഫ്റ്റ് വെയർ ഏത്?
(റൈറ്റർ ,ജിംപ്, പ്രിന്റർ)
7. താഴെ കാണിച്ചിരിക്കുന്നവരിൽകാനായി കുഞ്ഞിരാമൻ ഏത് വിഭാഗത്തിൽ അറിയപ്പെടുന്നു ?
(നാടകകൃത്ത് , ശിൽപി , കവി)

8. ചിത്രരചനയ്ക്കുള്ള ഒരു മാധ്യമം തെരഞ്ഞെടുത്തെഴുതുക
(പേപ്പർ, എണ്ണച്ചായം ,ബ്രഷ്)

9. താഴെകൊടുത്തിരിക്കുന്നവയിൽ നാടകം ഏത് വിഭാഗത്തിൽ പെടുന്നു?
(രംഗകല , അനുഷ്ഠാനകല, നിർമ്മാണകല)

10. നാടകവും,മൈമും തമ്മിലുള്ള വ്യത്യാസം എന്ത്?
(ശബ്ദവും വെളിച്ചവും,നിഴലും വെളിച്ചവും,സംഭാഷണം ഉള്ളതുംഇല്ലാത്തതും)

11. താഴെകൊടുത്തിരിക്കുന്നവയിൽ ശബ്ദാനുകരണകലയേത്?
(ചിത്രകല, നൃത്തം ,മിമിക്രി)

12. നാടൻ പാട്ടിന്റെ പ്രധാന സവിശേഷതയാണ് ..........................................
(ലളിതമായ ഈണം ,സങ്കീർണ്ണമായ താളം, രാഗവൈവിധ്യം)

13. നമ്മുടെ ദേശീയ ഗീതമായ 'വന്ദേമാതര'ത്തിന്റെ രചയിതാവ് ആര് ?
(മുഹമ്മദ് ഇക്ബാൽ ,ബങ്കിം ചന്ദ്ര ചാറ്റർജി, രവീന്ദ്രനാഥ ടാഗോർ)

14. മംഗളകർമ്മങ്ങളിൽ ഉപയോഗിക്കുന്ന ഒരു സുഷിരവാദ്യം?
(പുല്ലാങ്കുഴൽ, ക്ലാരനെറ്റ്, നാദസ്വരം)

15. സംഗീതത്തിൽ 'ഉച്ചത 'എന്ന വാക്ക് എന്തിനെ സൂചിപ്പിക്കുന്നു.?
(ശബ്ദം താഴ്ത്തിയുള്ള ആലാപനം, വേഗത്തിലുള്ള ആലാപനം, ശബ്ദം ഉയർത്തിയുള്ള ആലാപനം )

## വിഭാഗം 2 - പ്രവൃത്തിപഠനം

1. കൊതുക് പരത്തുന്ന ഏതെങ്കിലും രണ്ട് രോഗങ്ങളുടെ പേര് എഴുതുക.

2. തൂവാലയുടെ അരികുകൾ മടക്കി തയ്ക്കുന്നതിന് ഏത് തരം തയ്യൽ ആണ് ഉപയോഗിക്കുന്നത് ?

3. ഒരു 40 പേജ് ബുക്ക് നിർമ്മിക്കുന്നതിന് ആവശ്യമായ സാധനസാമഗ്രികൾ ഏവ ?

4. പച്ചക്കറിയിലെ വിഷാംശം നീക്കം ചെയ്യുന്നത് എങ്ങനെ ?

5. തുണിയിൽ ഫാബ്രിക് പെയിന്റ് ചെയ്യുന്ന പ്രവർത്തനത്തിന്റെ വർക്ക് ഡയറി എഴുതുക.

6. വർണ്ണക്കടലാസ് ഉപയോഗിച്ച് ഏതെങ്കിലും ഒരു പൂവ് നിർമ്മിക്കുന്ന രീതി വിശദമാക്കുക.

## വിഭാഗം 3 - ആരോഗ്യകായിക വിദ്യാഭ്യാസം

1. 2013-ൽ അമേരിക്കയിൽ സംഘടിപ്പിച്ച ലോകഡ്വാർഫ് ഗെയിംസിൽ 4 സ്വർണ്ണമെഡലുകൾ നേടിയ ഇന്ത്യൻ കായികതാരം ആരാണ്?

(ഇർഫാൻ, ജോബിമാത്യു, ശ്രീജേഷ്, രഞ്ജിത്ത് മഹേശ്വരി)

2. ചിത്രത്തിൽ കാണുന്ന കായിക താരത്തിന്റെ പേരെഴുതുക



(പി.ടി.ഉഷ,ഷൈനി വിൽസൺ,അഞ്ജു ബോബി ജോർജ്,ബീന മോൾ)

3. ഹൃദയമിടിപ്പ് പരിശോധിക്കാനുള്ള ഉപകരണമേതാണ്?
(ബാരോമീറ്റർ, വെയിംഗ് മെഷീൻ, സ്റ്റെതസ്കോപ്പ്, തെർമോമീറ്റർ)

4. കായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുമ്പോൾ കുട്ടികൾക്ക് കായികപരമായ കഴിവുകൾ കൈവരിക്കുന്നതോടൊപ്പം സാമൂഹികവും മാനസികപരവുമായി ആർജ്ജിക്കുന്ന ഗുണങ്ങളെന്തെല്ലാമെന്ന് എഴുതുക. സമാനമായ മറ്റു സൂചകങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് ആശയം വിശദമാക്കുക.

- ഉദാ : നേതൃത്വഗുണം ..

5. തീപ്പൊള്ളലേറ്റാൽ ശ്രദ്ധിക്കേണ്ടതും നൽകേണ്ടതുമായ പ്രഥമശുശ്രൂഷകൾ എന്തെല്ലാം?

6. ചുവടെ നൽകിയിട്ടുള്ള കായിക ഇനങ്ങൾ/മത്സരങ്ങൾ അത്‌ലറ്റിക്സ്-ഗെയിംസ് എന്നിവയിൽ ഏത് വിഭാഗത്തിൽപ്പെടുന്നുവെന്ന് വേർതിരിച്ചെഴുതുക

| | |
|---|---|
| 1. ജാവലിൻ ത്രോ | 5. ഹോക്കി |
| 2. കബഡി | 6. ഹൈജമ്പ് |
| 3. 800 മീറ്റർ ഓട്ടം | 7. ക്രിക്കറ്റ് |
| 4. ലോങ്ജമ്പ് | 8. വോളിബോൾ |

7. കളിസ്ഥലങ്ങൾ സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ട സംഗതികൾ എന്തെല്ലാമെന്ന് വിവരിക്കുക ?

8. കായികപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ഉണ്ടാകുന്ന ശാരീരികമാറ്റങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുക..ഒരു സൂചന ചുവടെ നൽകിയിട്ടുണ്ട് .
- ഉദാ :വിയർക്കുന്നു.